## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6540.** **03.04.2018 ൽ മറുപടിയ്ക്ക്**

## പുതിയതരം ലഹരി വസ്തുക്കളുടെ വ്യാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കയ്യിൽ കരുതാവുന്നതും എളുപ്പത്തിൽ ഒളിപ്പിക്കാൻ കഴിയുന്നതുമായ കഞ്ചാവ് മിഠായികൾ സംസ്ഥാനത്ത് വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പോലീസിനെയും എക്സൈസിനെയും കബളിപ്പിച്ച് നടത്തുന്ന ഈ ഇടപാടിൽ ഇതരസംസ്ഥാന ലഹരി മാഫിയയുടെയുള്ള പങ്കിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച സമഗ്ര അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | കണ്ടെടുത്ത കേസുകളിൽ സമഗ്രമായ അന്വേഷണം നടത്തുന്നുണ്ട്. |
| (സി) | എക്സൈസ് വകുപ്പിന് കീഴിൽ പുതിയതരം ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും സംവിധാനങ്ങളും കുറവാണെന്നിരിക്കെ, അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഇവ പരിശോധിക്കുന്നതിന് മൊബൈൽ പരിശോധനാലാബുകൾ സ്ഥാപിക്കുമോ; | (സി) | സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | പുതിയതരം ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും പരിശീലനവും എക്സൈസ് വകുപ്പിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പുതിയതരം ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിജ്ഞാനം നൽകുന്നതിന് സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിൽ പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ